
# സപര്യ

## GHSS KARUVARAKUNDU



# മുഖമൊഴി

സാങ്കേതിക യുഗത്തിനോടൊപ്പം പറന്നുയരാനായി സർഗ്ഗാത്മകതയുടെ ചിറകുകൾ തേടുകയാണ് സപര്യ ഡിജിറ്റൽ മാഗസിൻ. കഥകൾ, കവിതകൾ, ലേഖനങ്ങൾ തുടങ്ങിയ വൈവിധ്യത്തി ന്റെ വർണ്ണ നൂലുകൾ ഇഴചേർത്ത് തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിൻ ഒരിക്കൽ കൂടി സഹൃദയ ലോകത്തിനുമുന്നിൽ അക്ഷര കാഴ്ചകൾ ഒരുക്കുന്നു. പൂർണ്ണത അവകാശപ്പെടാനില്ലെങ്കിലും ഡിജിറ്റൽ ലോകത്തിലേക്ക് കരുവാരകുണ്ട് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ് അംഗങ്ങളുടെ ഒരു എളിയ ശ്രമം....

# ആശംസകൾ



കരുവാരകുണ്ട് ഗവ.ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾ ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നത് ഏറെ ആഹ്ളാദം നൽകുന്ന കാര്യമാണ്.

പുതിയ കാലത്തോടൊപ്പം നമ്മുടെ മക്കൾക്ക് സഞ്ചരിക്കാൻ കഴിയുന്നു എന്നതാണ് സന്തോഷം നൽകുന്നത്.

ക്ലാസ് മുറികൾ പോലും ഡിജിറ്റലായിക്കൊണ്ടിരിക്കുകയാണ്.സ്മാർട്ട് ക്ലാസ്സ് റൂമുകളിൽ അധ്യയനം
നടത്തുന്ന പുതിയ തലമുറയിൽ നിന്ന് സമൂഹം പ്രതീക്ഷിക്കുന്നത് ഡിജിറ്റൽ മാഗസിൻ പോലുള്ളവ തന്നെയാണ്.


മാഗസിന് എല്ലാ ആശംസകളും നേരുന്നു.

ഒപ്പം പിന്നണി പ്രവർത്തകരെ അഭിനന്ദിക്കുകയും ചെയ്യുന്നു.

എ.എം ജാലി

(പ്രധാനാധ്യാപിക,ജി.എച്ച്.എസ്.എസ്, കരുവാരകുണ്ട്).

# ആശംസകൾ.



e മെയ്ലും e ഗവേണൻസും e എഴുത്തും വ്യാപകമായ ഈ e കാലത്ത് കാലത്തിനനുസരിച്ച e മാഗസിൻ പുറത്തിറക്കാൻ കഴിയുന്ന നിങ്ങൾ ഭാഗ്യവാന്മാരാണ്.

റോബോട്ടുകളുടെ

നിർമിത ബുദ്ധിയാൽ കാര്യങ്ങൾ നിയന്ത്രിക്കപ്പെടുന്ന യുഗത്തിലേക്കാണ് നിങ്ങൾ പ്രവേശിക്കാനിരിക്കുന്നത്.

അതിന് യോഗ്യരാണ് നിങ്ങളെന്ന് തെളിയിക്കണം.

ലിറ്റിൽ കൈറ്റ്സ് അതിന് നിങ്ങളെ സഹായിക്കും.

ആശംസകൾ.

എം.കെ അബ്ദുൽ കരീം

(പ്രസിഡന്റ്,പി.ടി.എ).

# സന്ദേശം



കരുവാരകുണ്ട് ഗവ ഹയർസെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബ് സപര്യ എന്ന പേരിൽ ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നത് ഏറെ സന്തോഷദായകമാണ്. വിവര വിനിമയ സാങ്കേതികവിദ്യ പ്രകാശവേഗതയിൽ മുന്നോട്ട് കുതിക്കുന്ന ഇക്കാലത്ത് പുതുതലമുറയിൽ സാങ്കേതികാവബോധം വളർത്താൻ ഇത്തരം സംരംഭങ്ങൾ ഉപകരിക്കും. സപര്യയുടെ പിന്നിൽ പ്രവർത്തിച്ച ലിറ്റിൽകൈറ്റ്സിനും അധ്യാപകർക്കും ആശംസകൾ നേരുന്നു.

**ടി.എം രാജു**

**(ചെയർമാൻ എസ്.എം.സി)**

# പ്രാർത്ഥനയോ?

*- ഫഹ്മി നജാത്ത്*

*9J*



കണ്ണീർ ഉണ്ടെന്റടുക്കൽ വേണ്ടുവോളം
പുഴവെള്ളം എന്ന വിളി
കേൾക്കുന്നുണ്ടു ഞാൻ
കരഞ്ഞിഴയുമ്പോഴെല്ലാം....
പിന്നെയും വിളി കേൾക്കുവാനി -
കാതോർത്തു ഞാൻ
പക്ഷേ,കേട്ടതോ കാലൻ
എന്നുമാത്രം....
കാലനായ് മാറിയതാണു ഞാൻ
മലവെള്ളം മഴയോടൊപ്പം ചേർന്നെ -

ൻ കണ്ണീരിലലിഞ്ഞിപ്പോൾ....

ജീവനോ പോന്നു -

എൻ കൂടെ കൂട്ടിനായ്....

“ദൈവമേ തിരികെ തരേണമേ

ജീവിതം”കേഴുന്നു

ദൈവത്തോടവർ ആരോ?

ഓർമിക്കുവാൻ കഴിഞ്ഞപ്പോഴാ-

ണറിഞ്ഞതു അത്തന്നെ

യാണെനിക്കായ് അവർ പ്രാർത്ഥിച്ചത്

അല്ല

അത് എനിക്ക് വേണ്ടി മാത്രം പ്രാർത്ഥിച്ചതല്ലേ...

സഫലമായ് ദൈവവും എൻ

പ്രാർത്ഥനയായ് അത് കേട്ടപ്പോൾ

തീർച്ച.......

# മുത്തശ്ശിമാവ് കഥ പറയുന്നു

*-ജോവിറ്റ ബിജോയ്*

കുട്ടികളെ, എല്ലാവരും കളിച്ചു തളർന്നോ?ഇനി ഇത്തിരി നേരം എന്റെ തണലിൽ വന്നിരുന്നോളൂ. ഞാൻ നിങ്ങൾക്ക് എന്റെ കഥ പറഞ്ഞു തരാം. ഒരുപാടു കാലം മുമ്പ് അതാ ആ കാണുന്ന വയലിന്റെ അക്കരെ ഒരു മാവുണ്ടായിരുന്നു. പടർന്നു പന്തലിച്ചു നിന്ന ഒരു തേന്മാവ്.അതായിരുന്നു, എന്റെ അമ്മ. അമ്മമാവിന്റെ ഉച്ചിയിലെ ഒരു ഉണ്ണിമാങ്ങയായിരുന്നു ഞാൻ. മാസങ്ങൾക്കു ശേഷം ഞാനൊരു മുഴുത്ത മാമ്പഴമായി.അന്നൊക്കെ എന്നെ കാണേണ്ടതായിരുന്നു. മഞ്ഞയും ഓറഞ്ചും കലർന്ന് ഉടുത്ത ഒരു മാമ്പഴം .ഞങ്ങൾ കൂട്ടുകാരെല്ലാം കാറ്റിലാടി രസിച്ചു.

ഒരിക്കൽ ഞങ്ങളെല്ലാം ഒരു കുലയിൽ മുട്ടിയിരുന്ന് തമാശകൾ പറഞ്ഞ് രസിക്കുകയായിരുന്നു. അപ്പോഴാ അതു സംഭവിച്ചത്.ഒരു കാക്ക വന്ന് എന്നെ ഒരു കൊത്തു കൊത്തി.'പ് ധും' ഞാൻ ഞെട്ടറ്റു താഴെ .... മാഞ്ചോട്ടിൽ കളിക്കുന്ന കുട്ടികൾക്ക് മുമ്പിലാണ് ചെന്നു വീണത്. അതിലൊരുത്തൻ ഓടി വന്ന് എന്നെ എടുത്തു. എന്റെ തേൻ മധുരമൂറുന്ന ഭാഗങ്ങൾ കഷണങ്ങളാക്കി അവൻ കൂട്ടുകാർക്ക് പങ്കുവച്ചു. മാങ്ങയണ്ടി മാത്രം ബാക്കിയായി. അവനത് ഒരു കടലാസ്സിൽ പൊതിഞ്ഞു. കയ്യിൽ വച്ചു.ഇത് ഞാൻ വീട്ടുപറമ്പിൽ കുഴിച്ചിടും. ആ മിടുക്കൻ പറഞ്ഞു. അവൻ പറഞ്ഞതുപോലെ ചെയ്തു,കേട്ടോ.മഴക്കാലമായി.മഴവെള്ളത്തിൽ നനഞ്ഞു കുതിർന്ന ഞാൻ മെല്ലെ മുളച്ചുപൊന്തി. ചുവപ്പു കലർന്ന തവിട്ടു നിറമുള്ള ഇലകൾ. എന്നും അവൻ വന്നു തൊട്ടു നോക്കും. കാലം കുറേ കഴിഞ്ഞു. ഞാൻ വലുതായി.ഞങ്ങൾ വൻമരങ്ങൾ അങ്ങനെയാണ്.ഒരുപാട് ഒരുപാട് വളരും. കൊമ്പുകളും ചില്ലകളും. വളർന്നപ്പോൾ പല പക്ഷികളും കൂടുകൂട്ടാൻ എത്തി. അണ്ണാനും ചിലന്തിക്കും ഉറുമ്പിനുമെല്ലാം ഞാൻ താമസിക്കാൻ ഇടം നല്കി. കുട്ടികൾ എന്റെ തണലിലിരുന്ന് കളിച്ചു. അവർക്കൊക്കെ ഞാൻ വയറു നിറയെ ചക്കര മാമ്പഴം കൊടുത്തു.

ഇപ്പോൾ ഞാനൊരു മുത്തശ്ശിയായി. എന്റെ മക്കളും പേരക്കിടാങ്ങളുമൊക്കെമൊക്കെ എവിടെയാണാവോ? എന്നാലും ഇനിയും കുറേ കാലം ഞാൻ ഉണ്ടാകും. തണലും മധുരവും തന്ന്.

# ആഗ്ര യാത്ര

-അജ്‌ലാൻ അഷ്റഫ്



താജ്മഹൽ, ലോകത്തെ അത്ഭുതപ്പെടുത്തിയ വെള്ള കൊട്ടാരം.ഓരോ തവണ ചിത്രങ്ങളിൽ കാണുമ്പോഴും എന്നെയും വല്ലാതെ മോഹിപിച്ചിട്ടുണ്ട്താജ്മഹൽ. സത്യത്തിൽ ആഗ്ര തന്നെ മനസ്സടക്കിയ ഒരു പട്ടണമാണ്. മുഗൾ രാജാക്കൻമാരുടെ ഇന്ദ്രപ്രസ്ഥം. അടുത്ത ദിവസത്തെ യാത്ര അങ്ങോട്ടായിരുന്നു. ഒരുപാട് കാത്തിരിപ്പിന് ശേഷം ഏറെ ആഗ്രഹത്തോടെ അതിലേറെ ആകാംഷയോടെ പോവുമ്പോൾ പറഞ്ഞറിയിക്കാൻ കഴിയാത്ത ആവേശമായിരുന്നു. രാവിലെ 5.30 ന് പുറപ്പെട്ടു.ആഗ്രയിൽ എത്തിയപ്പോൾ 12 മണിയോളമായിരുന്നു. തിരക്കും ചൂടും അത്യധികവും.

താജ്മഹലിന് മൂന്നു പ്രവേശന കവാടമുണ്ട്. തെക്കും വടക്കും പടിഞ്ഞാറും. മറ്റൊരു ഭാഗം തുറക്കുന്നത് യമുന നദിയിലേക്കാണ്. ഞങ്ങൾ തെക്ക് വശത്തിലൂടെ പ്രവേശം നേടി. കൂടെ ഒരു ഗൈഡ് ഇല്ലായിരുന്നു എന്നത് ഒരു കണക്കിന് ഏറ്റവും വലിയ അമളി തന്നെയായിരുന്നു.

ചുറ്റുമുള്ള കുറെ മുറികളും മറ്റും എന്തെന്നും, ഓരോ കല്ലിലും ഉറങ്ങിക്കിടക്കുന്ന ചരിത്രമെന്തെന്നും അറിയാതെ ഞങ്ങൾ മുന്നോട്ടു നീങ്ങി. ചിലപ്പോഴൊക്കെ ഞാൻ മറ്റു സന്ദർശകരുടെ ഗൈഡ്കളെ ഒളിഞ്ഞു കേട്ടു. അത്രയും ആകാംഷയുണ്ടായിരുന്നു എന്ത് നടന്നുവെന്നറിയാൻ. പ്രധാന കവാടം കടന്നു ഞങ്ങൾ താജമഹലിലേക്ക് നീങ്ങി. ആദ്യ കാഴ്ച അതി ഗംഭീരമായിരുന്നു. ചിത്രങ്ങളിൽ കണ്ടിരുന്നത് താജ്മഹലിന്റെ ഒരു നിഴലു മാത്രമാണെന്ന് തോന്നിപ്പോയി. അല്ലെങ്കിൽ ആ വെള്ള കൊട്ടാരത്തിന്റെ ഭംഗി അതേപടി ചിത്രങ്ങളിൽ പകർത്താൻ കഴിയില്ലായിരിക്കാം. എന്തായാലും എന്ത് കൊണ്ടാണ് താജമഹൽ ലോകത്തെ അത്ഭുതപ്പെടുത്തുന്നതെന്ന് എനിക്ക് ബോധ്യമായി.

തൂവെള്ള ആകാശത്തിനു കീഴിൽ ആകാശത്ത് നിന്നും ഇറക്കി വെച്ച പോലെയൂ വെള്ള നിറത്തിൽ ഒരു കൊട്ടാരം. പ്രതിഫലനം പൂർണമാകാൻ യമുനാ നദിയും മുന്നിലെ കുളവും. ഫോട്ടോ എടുക്കുന്നതെല്ലാം മറന്നു കൂടുതൽ അടുത്തേക്ക് പെട്ടെന്ന് നീങ്ങി. അടുത്തേക്ക് നടക്കുന്തോറും വലിപ്പം കൂടി കൂടി വരുന്നു.വെള്ള മാർബിള് കൊണ്ട് സുന്ദരമായ കൊത്തുപണികൾ.ഇടയ്ക്കിടയ്ക്ക് വില കൂടിയ അപൂർവങ്ങളിൽ അപൂർവങ്ങളായ മറ്റു മാർബിൾ കഷ്ണങ്ങളും, ഭംഗിയുള്ള ആർച്ചുകളും കോണുകളും, തൂണുകളും. ഇന്ത്യൻ , പേർഷ്യൻ മാതൃകയിൽ നിർമിച്ച ഈ കൊട്ടാരം കൊട്ടാരങ്ങളുടെ കിരീടം എന്ന പേരിൽ അറിയപ്പെടുന്നു ഉർദുവിൽ താജ്മഹൽ.

1632 ൽ പണി തുടങ്ങിയ താജ്മഹൽ പൂർത്തിയായത്1653 ലാണെന്ന് ചരിത്രം പറയുന്നു. മുഗൾ ചക്രവർത്തി ഷാജഹാൻ എന്ന് വിളിക്കപ്പെടുന്ന ഖുറം തൻറെ രണ്ടാം ഭാര്യയും പ്രേമഭാജനവുമായ മുംതാസ് മഹൽ എന്ന് വിളിക്കപ്പെട്ടിരുന്ന അർജുമന്ദ് ബാനുവിൻറെ സ്മരണയിലാണ് ഈ കൊട്ടാരം പണിതത്. ഈ കൊട്ടാരത്തിന്റെ പ്രധാന ശില്പി ഉസ്താദ് അഹമദ് ലാഹോരിയാണെന്നും ചരിത്രം രേഖപ്പെടുത്തുന്നു. ഇന്ന് മുംതാസ് മഹലിന്റെയും, ഷാജഹാന്റെയും ശവകുടീരമാണ് ഈ കൊട്ടാരം.പല രാജ്യങ്ങളിൽ നിന്നും അമൂല്യമായ, വില കൂടിയ മാർബിള്കളാണ് താജമാഹലിനെ അതീവ സുന്ദരമാക്കുന്നത്.. കൂടാതെ മാർബിളിൽ കൊത്തിയ പല രൂപങ്ങളും, കോണുകളും ആർച്ചുകളും അത് നിർമിച്ച ശില്പികളുടെ നിപുണത

വിളിച്ചോതുന്നവയാണ്. പല സ്ഥലങ്ങളിലും ഖുർആനിലെ വ്യത്യസ്ത വാചകങ്ങൾ കൊത്തിയതും കാണാം.

യമുനയിലേക്ക് തുറക്കുന്ന ബാൽക്കണിയിൽ ഇരുന്നാൽ ചരിത്രം കണ്ടറിഞ്ഞ യമുനാ നദി ഒന്നുമറിയാത്തവണ്ണം ഒഴുകുന്നു. നേരെ അക്കരെ ഷാജഹാൻ നിർമിക്കാൻ ഉദ്ദേശിച്ചിരുന്നെന്നു പറയപ്പെടുന്ന കറുത്ത താജ്മഹലിന്റെ സ്ഥലവും കാണാം.

ഭൂഗർഭ അറകളിൽ പല റൂമുകളും സന്ദർശകർക്ക് നിരോധിത മേഖലകൾ ആണ്. ചില വാതിൽ പഴുതിലൂടെ ഒളിഞ്ഞു നോക്കിയാൽ ഉള്ളിൽ പൊടി പിടിച്ച കിടക്കുന്ന മുറികൾ കാണാം. ചില ഭാഗങ്ങളിലെല്ലാം വിള്ളലുകൾ പ്രത്യക്ഷമാണ്. ഇതുകൊണ്ടൊക്കെയാവാം താജ്മഹലിനു വേണ്ടത്ര സംരക്ഷണം കൊടുക്കുന്നില്ലെന്ന ആരോപണം ഇടയ്ക്കിടക്ക് ഉയരുന്നത്.

ഒരു വശത്തായി താജ്മഹൽ മ്യൂസിയം കാണാം. പൂന്തോപ്പിൽ ഒരു കറക്കവും, പിന്നെ ഒരു ഫോട്ടോ ഷൂട്ടും കഴിഞ്ഞു ഞങ്ങൾ താജ്മഹലിനോട് വിട പറഞ്ഞു. വിടപറയുമ്പോൾ മനസ്സിൽ വെറുതെ വന്നൊരു ചിന്ത ഇതായിരുന്നു. ഇത്രയും അമൂല്യവും  വിലകൂടിയതുമായ മാർബിളുകൾ കൊണ്ട് വന്നു ഇത് പണിത ഷാജഹാൻ വലിയ ഒരു ദുർവ്യയി ആയിരുന്നില്ലേ? അദ്ദേഹം തൻറെ പ്രജകളായ ജനങ്ങളോട്ചെയ്തത് വലിയ അപരാധമായിരുന്നില്ലേ? ജനങ്ങളുടെ പൈസ മുഴുവൻ ദുർവ്യയം ചെയ്ത ചക്രവർത്തി, അങ്ങനെയായിരുന്നോ ഇദ്ദേഹത്തിന്റെ കീർത്തി?തിരിച്ച പോരുമ്പോൾ ഒരു സങ്കടം ബാക്കിയായിരുന്നു. നിലാവുള്ള രാത്രിയിൽ, ചന്ദ്ര വെളിച്ചത്തിൽ കുളിച്ച നിൽക്കുന്ന താജ്മഹലിനെ കാണാൻ അപാര ഭംഗിയാണെന്ന് കേട്ടിട്ടുണ്ട്. യമുനാ നദി രാത്രിയിൽ താജിന് കണ്ണാടിയാവുന്നത് കാണാൻ അതിലേറെ സുന്ദരമാണെന്നു കേട്ടിട്ടുണ്ട്. ആ രണ്ടു കാഴ്ചകളും കാണാൻ കഴിഞ്ഞില്ലെന്ന സങ്കടം. ഇനി മറ്റൊരു സമയത്തേക്കാവാം.

# <u>പാത്തുമ്മയുടെ ആട്</u>

*-അഭിമന്യു*





വൈക്കം മുഹമ്മദ് ബഷീറിന്റെ വളരെ പ്രസിദ്ധമായ ഒരു നോവലാണ് പാത്തുമ്മയുടെ ആട്. 1959-ൽ പ്രസിദ്ധീകരിച്ച ഈ നോവലിന് 'പെണ്ണുങ്ങളുടെ ബുദ്ധി' എന്നൊരു പേരും ഗ്രന്ഥകർത്താവ് നിർദ്ദേശിച്ചിരുന്നു. തന്നെ അലട്ടിയിരുന്ന മാനസിക അസുഖത്തിന് ചികിൽസയും വിശ്രമവുമായി വൈക്കത്തിനടുത്ത് തലയോലപറമ്പിലുള്ള തൻറെ കുടുംബ വീട്ടിൽ കഴിയവേ 1954-ൽ ആണ് ബഷീർ ഇത് എഴുതുന്നത്..ഏപ്രിൽ 27 ന് എഴുതിതീർത്തു.തിരുത്തുകയോ പകർത്തി എഴുതി ഭംഗിയാക്കുകയോ ചെയ്യാതെ എഴുതിയപടി തന്നെ പ്രസിദ്ധീകരിച്ചു.നോവലിലെ പ്രധാന കഥാപാത്രമാണ് പാത്തുമ്മ. പേര് സൂചിപ്പിക്കും പോലെ ഈ പാത്തുമ്മയുടെ ആടിനെ ചുറ്റിപ്പറ്റിയാണ് നോവലിലെ കഥയുടെ കിടപ്പ്.1959 മാർച്ച് 1 നാണ് പുസ്തകം പ്രസിദ്ധീകരിക്കുന്നത്.

ബഷീറിൻറെ അമ്മയും , സഹോദരങ്ങളും അവരുടെ ഭാര്യമാരും കുട്ടികളും അടങ്ങുന്ന കൂട്ടുകുടുംബം ഒരു ചെറിയ വീട്ടിൽ ഒരുമിച്ചാണ് കഴിഞ്ഞിരുന്നത്. അവിടെ നടക്കുന്ന ദൈനംദിന സംഭവവികാസങ്ങൾ തന്റെതനതു ശൈലിയിൽ വിവരിച്ചിരിക്കുകയാണ് ബഷീർ ഈ നോവലിൽ. ആ വീട്ടിലെ ഓരോ കുടുംബാംഗവും എന്ന് വേണ്ട ബഷീറിന്റെ സഹോദരി പാത്തുമ്മ വളർത്തുന്ന ആട് വരെ ഈ നോവലിലെ കഥാപാത്രങ്ങളാണ്.നോവലിൽ പ്രണയമില്ല. ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങൾ മാത്രം.സ്ത്രീ സമൂഹം നേരിടുന്ന ദുരിതത്തിന്റെ ചിത്രങ്ങൾ'ശുദ്ധസുന്ദരമായ ഭ്രാന്തിന് ഘോരമായ

ചികിത്സനടക്കുന്നതിനിടയിൽ എഴുതി.കഥ പറയുന്നത് ദൃക്സാക്ഷി വിവരണം പോലെയാണ്.കഥാപാത്രങ്ങൾ ഒന്നും വില്ലന്മാരാകുന്നില്ല; സാധാരണ മനുഷ്യർ മാത്രം.

## സഫയും അസിനും



***സഫ:*** നമസ്കാരം.

***അസിൻ:*** നമുക്ക് അധികം വൈകാതെ തന്നെ ചോദ്യത്തിലേക്ക് കടന്നാലോ?

***സഫ:*** ആവാം.

***അസിൻ:*** രാഹുൽ ഗാന്ധിയുടെ പ്രസംഗം പരിഭാഷപ്പെടുത്താൻ ഉണ്ടായ സാഹചര്യം എന്താണ് അതായത് നേരത്തെതന്നെ തയ്യാറായിരുന്നോ?

***സഫ:***അല്ല ,ഒരിക്കലും ഞാൻ പോകണം എന്ന് കരുതിയതല്ല അദ്ദേഹം പരിഭാഷപ്പെടുത്താൻ ആരെങ്കിലും വരണമെന്ന് പറഞ്ഞപ്പോൾ ഒരിക്കലും പോകണമെന്ന് കരുകിയിരുന്നില്ല, ഞങ്ങൾ പ്ലസ്ടുകാരൻ ആണല്ലോ അതുകൊണ്ട് തന്നെ സ്കൂളിൽ ഏറ്റവും മുതിർന്ന കുട്ടികൾ എന്ന നിലയിൽ സ്കൂളിന് അഭിമാനം സംരക്ഷിക്കേണ്ടത് ഏറ്റവും ഉത്തരവാദിത്തപ്പെട്ടവർ അല്ലേ ഞങ്ങൾ ,ഫ്രണ്ട്സ് ഒക്കെ പോകണം എന്നൊക്കെ പറഞ്ഞപ്പോൾ എഴുന്നേറ്റുപോയി.

***അസിൻ:*** സ്റ്റേജിൽ എത്തിയിട്ട് പരിഭാഷപ്പെടുത്തിയപ്പോൾ പേടി തോന്നിയോ?

***സഫ:***ഇല്ല പേടിയൊന്നും ഇല്ലായിരുന്നു,പക്ഷേ അത്രയും വലിയ ആളുടെ അടുത്ത് നിൽക്കുന്നു, അദ്ദേഹത്തിന് പ്രസംഗം പരിഭാഷപ്പെടുത്തുന്നു,എല്ലാം ഒരുതരം ആകാംക്ഷയായിരുന്നു .പിന്നീട് അദ്ദേഹം ലളിതമായ ഭാഷയാണ് ഉപയോഗിച്ചത്. നല്ലവണ്ണം സഹകരിച്ചായിരുന്നു പ്രസംഗിച്ചത്. ക്ലാസ്സിൽ അദ്ദേഹത്തിന് കുറെ ഫാൻസ് ഒക്കെ ഉണ്ട് .കാണാൻ വല്ലാത്ത ആഗ്രഹം ആയിരുന്നു .അത്ര അടുത്ത് കണ്ടപ്പോൾ വല്ലാത്ത ഒരു സന്തോഷം ആയിരുന്നു പിന്നീട് എല്ലാവരും എന്നെ തന്നെ



# <u>പോരാടുക തോഴാ..</u>

ലിയ . 9I



സ്ഫടികമായ് തിളങ്ങയിരുന്ന കാലം
കാനന കാഴ്ചകൾ പലതും കണ്ടാനന്ദിച്ചിരുന്ന കാലം
ആയിരം മത്സ്യക്കുഞ്ഞുങ്ങൾക്കമ്മയായ്
പ്രകൃതിയുടെ മകളായ്,ദൈവത്തിൻ വരമായ്
ഒഴുകിയിരുന്ന കാലം
വെറുമൊരു പുഴയായിരുന്നെങ്കിലും ഞാൻ
പലർക്കും ആനന്ദക്കടലായ് മാറി
എൻപ്രിയ തോഴരാം മർത്യനാൽ ഞാനിന്ന്
കണ്ണീർ വാർക്കുന്നു ധാരയായ്...

ഒഴുകുന്നു ഞാനിന്ന് സകല മാലിന്യങ്ങളാലും
വികസനമെന്ന പേരിൽ വരുന്നു അവർ
എൻ മാറിടത്തിൽ വിഷം കലർത്താനും
എൻ മത്സ്യക്കുഞ്ഞുങ്ങളെ വധിക്കാനും
പ്രിയ തോഴാ ഞാൻ നിന്നോട് കേഴുന്നു
“തടയൂ നിൻ പ്രിയ മിത്രങ്ങളെ
പോകൂ മകനെ നീ എൻ മിത്രങ്ങളുടേയും
പ്രശ്നങ്ങൾക്കറുതി വരുത്തുവാനായ്
പോരാടു നല്ല നാളേക്കു വേണ്ടി”

# ക്വിറ്റ് ഇന്ത്യ പ്രസ്ഥാനം

-അമൽ ഇഹ്സാൻ

ഇന്ത്യക്ക് ഉടനടി സ്വാതന്ത്ര്യം നൽകുക എന്ന മഹാത്മാഗാന്ധിയുടെ ആഹ്വാന പ്രകാരം 1942 ഓഗസ്റ്റ് മാസം ആരംഭിച്ച നിയമ ലംഘന സമരമാണ് ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം.രണ്ടാം ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെടുന്ന സമയത്ത് 1939 സെപ്റ്റംബറിൽ വാർദ്ധയിൽ വെച്ച നടന്നകോൺഗ്രസ് പാർട്ടിയുടെ പ്രവർത്തക സമിതി യോഗത്തിൽ ഉപാധികൾക്കു വിധേയമായി ഫാസിസത്തിനു എതിരേയുള്ള സമരത്തെ അനുകൂലിക്കുന്ന പ്രമേയം പാസ്സാക്കി, പക്ഷേ ഇതിനു പകരമായി സ്വാതന്ത്ര്യം ആവശ്യപ്പെട്ടപ്പോൾ ബ്രിട്ടീഷുകാർ ആ ആവശ്യം നിരസിക്കുകയാണു ചെയ്തത്.
ഇന്ത്യൻ ദേശീയ നേതാക്കളുടെ പ്രതിഷേധം ഒത്തു തീർപ്പിലൂടെ പരിഹരിക്കാൻ ബ്രിട്ടൻ ക്രിപ്സ് കമ്മീഷനെ ഇന്ത്യയിലേക്കയച്ചു. സ്വയം ഭരണത്തിനായി ഒരു നിശ്ചിത കാലയളവ് പ്രസ്താവിക്കാനോ എന്തെല്ലാം അധികാരങ്ങൾ കൈയൊഴിയും എന്ന് വ്യക്തമായി നിർവ്വചിക്കാനോ ഈ കമ്മീഷനു കഴിഞ്ഞില്ല. കമ്മീഷൻ നൽകാൻതയ്യാറായ പരിമിത-ഡൊമീനിയൻ പദവി ഇന്ത്യൻ പ്രസ്ഥാനത്തിനു പൂർണമായും അസ്വീകാര്യമായിരുന്നു. ഇവയുടെ ഫലമായി കമ്മീഷൻ പരാജയപ്പെട്ടു. സമ്പൂർണ്ണ സ്വാതന്ത്ര്യത്തിനുള്ള തങ്ങളുടെ ആവശ്യത്തിൽ ബ്രിട്ടീഷ് സർക്കാരിൽ നിന്നും വ്യക്തമായ ഉറപ്പുലഭിക്കാനായി കോൺഗ്രസ് ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം ആരംഭിച്ചു.

സഖ്യകക്ഷികളുടെ യുദ്ധശ്രമങ്ങളെ ബന്ദിയാക്കിക്കൊണ്ട് ബ്രിട്ടീഷ് സർക്കാരിനെ അനുനയത്തിന്റെ പാതയിലേയ്ക്കു കൊണ്ടുവരികയായിരുന്നു ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ഉറച്ചതും എന്നാൽ അക്രമരഹിതവുമായ ചെറുത്തുനിൽപ്പിനുള്ള ഗാന്ധിയുടെ നിശ്ചയദാർഢ്യം ഗാന്ധി ഓഗസ്റ്റ് 8-നു ബോംബെയിലെ ഗൊവാലിയ റ്റാങ്ക് മൈതാനത്ത് നടത്തിയ "DO OR DIE" (പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക) എന്ന ആഹ്വാനത്തിൽ പ്രതിഫലിച്ചു. (പിന്നീട് ഈ മൈതാനം ഓഗസ്റ്റ് ക്രാന്തി മൈദാൻ (ഓഗസ്റ്റ് വിപ്ലവ മൈതാനം) എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു). എങ്കിലും കോൺഗ്രസിന്റെ ദേശീയ, പ്രാദേശിക നേതൃത്വത്തെ ഈ

പ്രസംഗത്തിനു ഇരുപത്തിനാലു മണിക്കൂറിനകം സർക്കാർ തുറുങ്കിലടച്ചു. ഒരുപാട് കോൺഗ്രസ് നേതാക്കൾക്കും പ്രവർത്തകർക്കും രണ്ടാം ലോക മഹായുദ്ധത്തിന്റെ ശേഷം ഭാഗം ജയിലിൽ കഴിയേണ്ടി വന്നു.
രണ്ടാം ലോകമഹായുദ്ധത്തിലേക്ക് ഇന്ത്യയുടെ സമ്മതമില്ലാതെ ഭാഗഭാക്കാക്കിയതിന് ബ്രിട്ടനോട് ഇന്ത്യയിലെ ദേശീയനേതാക്കൾ നീരസം പ്രകടിപ്പിച്ചിരുന്നു. തങ്ങളുടെ പ്രതിഷേധം ബ്രിട്ടനെ അവർ നേരിട്ടറിയിച്ചു. മുസ്ലിം ലീഗ് യുദ്ധത്തെ പിന്തുണച്ചെങ്കിലും, കോൺഗ്രസ്സ് അതിനു തയ്യാറായില്ല. കോൺഗ്രസ്സിന്റെ വാർദ്ധാ സമ്മേളനത്തിൽവെച്ച് ഫാസിസത്തിനോടു ചെയ്യുന്ന യുദ്ധത്തിൽ ബ്രിട്ടനോടൊപ്പം പങ്കുചേരാൻ കോൺഗ്രസ്സ് സമ്മതിച്ചു. എന്നാൽ ഇന്ത്യയുടെ സ്വാതന്ത്ര്യമാണ് ഇതിനുപകരമായി ഇന്ത്യ ചോദിച്ചത്. സുഭാസ് ചന്ദ്രബോസിനെപ്പോലുള്ള നേതാക്കൾ യുദ്ധം സാമ്രാജ്യത്വത്തിന്റെ ഭാഗമാണെന്നു പറഞ്ഞ് യുദ്ധത്തിൽ ചേരാൻ വിസമ്മതിക്കുകയായിരുന്നു. ബ്രിട്ടനെ ഇന്ത്യയുടെ മണ്ണിൽ നിന്നും പുറത്താക്കാൻ ഇതൊരു സുവർണ്ണാവസരമാണെന്നതായിരുന്നു സുഭാസ് ചന്ദ്രബോസിന്റെ നിലപാട്. ഗാന്ധിജി ഈയൊരു തീരുമാനത്തിനെതിരായിരുന്നു. ബ്രിട്ടന്റെ ചാരത്തിൽനിന്നും ലഭിക്കുന്ന സ്വാതന്ത്ര്യം ഇന്ത്യക്ക് ആവശ്യമില്ലെന്നു പ്രഖ്യാപിച്ചുകൊണ്ട് പിന്നീട് ഗാന്ധിജിയും ഇതിനെ പിന്തുണക്കുകയുണ്ടായി. സുഭാസ് ചന്ദ്രബോസിന്റെ ഇന്ത്യൻ നാഷണൽ ആർമി ജപ്പാനോടു കൂടി ചേർന്ന് ബ്രിട്ടനെതിരേ ഗറില്ലായുദ്ധം നടത്തി. 1942 ഓഗസ്റ്റ് 8-നു അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റിയുടെ (എ.ഐ.സി.സി) ബോംബെ സമ്മേളനത്തിൽ ക്വിറ്റ് ഇന്ത്യാ പ്രമേയം പാസാക്കി. ബ്രിട്ടീഷുകാർ ആവശ്യങ്ങൾ അംഗീകരിച്ചില്ലെങ്കിൽ വമ്പിച്ച നിസ്സഹകരണ പ്രസ്ഥാനം ആരംഭിക്കും എന്ന് ഈ പ്രമേയം പ്രസ്താവിച്ചു. എങ്കിലും ഈ തീരുമാനം വളരെ വിവാദപരമായിരുന്നു.സി.രാജഗോപാലാചാരി ഈ തീരുമാനത്തോട് എതിർപ്പു പ്രകടിപ്പിച്ചു. ജവഹർലാൽ നെഹ്രു, മൗലാനാ ആസാദ് എന്നിവർ തീരുമാനത്തോട് മനസ്സില്ലാമനസ്സോടെ സമ്മതം മൂളുകയായിരുന്നു. ഗാന്ധിജിയുടെ നേതൃത്വത്തെ തൽക്കാലം എതിർക്കാൻ ഇവർ താൽപര്യപ്പെട്ടിരുന്നില്ല. സർദാർ വല്ലഭായ് പട്ടേൽ, ഡോക്ടർ രാജേന്ദ്രപ്രസാദ്, ജയപ്രകാശ് നാരായൺ എന്നിവർ ഈ തീരുമാനത്തെ പിന്തുണച്ചു. മറ്റു രാഷ്ട്രീയപാർട്ടികളേയും തങ്ങളുടെ


തീരുമാനത്തിനു പിന്നിൽ കൊണ്ടുവരാൻ കോൺഗ്രസ്സിന് ഒരു പരിധി വരെ സാധിച്ചു. ഹിന്ദു മഹാസഭയെപ്പോലുള്ള ചെറിയ രാഷ്ട്രീയപാർട്ടികൾ പ്രമേയത്തെ എതിർത്തു. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ ക്വിറ്റ് ഇന്ത്യാ പ്രമേയത്തെ തള്ളിക്കളഞ്ഞു. അവർ യുദ്ധത്തെ പിന്തുണക്കുകയാണുണ്ടായത്.
മുഹമ്മദ് അലി ജിന്ന പ്രമേയത്തെ എതിർക്കുകയാണുണ്ടായത്. മുസ്ലിം സഹോദരരോട് പട്ടാളത്തിൽ ചേരുവാനും ബ്രിട്ടനെ യുദ്ധത്തിൽ സഹായിക്കുവാനും ജിന്ന ആഹ്വാനം ചെയ്തു. മുസ്ലിം ലീഗിന് ധാരാളം പുതിയ അംഗങ്ങളെ അക്കാലഘട്ടത്തിൽ ലഭിക്കുകയുണ്ടായി. പ്രവിശ്യകളിലെ നിയമനിർമ്മാണ സഭകളിൽ നിന്നും കോൺഗ്രസ്സ് അംഗങ്ങൾ കൂട്ടത്തോടെ രാജിവെക്കാൻ തുടങ്ങി.
ബോംബെയിലെ ഗവാലിയ റ്റാങ്കിൽ ഗാന്ധി ഇന്ത്യക്കാരോട് അക്രമരഹിത നിസ്സഹകരണം പിന്തുടരാൻ ആഹ്വാനം ചെയ്തു. ഒരു സ്വതന്ത്ര രാഷ്ട്രമായി പെരുമാറാനും ബ്രിട്ടീഷുകാരുടെ ആജ്ഞകൾ അനുസരിക്കാതിരിക്കാനും ഗാന്ധി ജനങ്ങളോട് ആവശ്യപ്പെട്ടു. ജാപ്പനീസ് സൈന്യം ഇന്ത്യ-ബർമ്മ അതിർത്തിവരെ എത്തിയതിൽ വിഹ്വലരായിരുന്ന ബ്രിട്ടീഷുകാർ ഗാന്ധിയുടെ ആഹ്വാനത്തിനു മറുപടിയായി അടുത്ത ദിവസം തന്നെ ഗാന്ധിയെ പൂനെയിലെ ആഗ ഖാൻ കൊട്ടാരത്തിൽ തടവിലടച്ചു. കോൺഗ്രസിന്റെ ദേശീയ നേതൃത്വമായ കോൺഗ്രസ് പാർട്ടി പ്രവർത്തക സമിതിയെ മുഴുവൻ അഹമദ്നഗർ കോട്ടയിൽ തടവിലടച്ചു. ബ്രിട്ടീഷുകാർ കോൺഗ്രസ് പാർട്ടിയെ നിരോധിച്ചു. രാജ്യമൊട്ടാകെ വലിയ തോതിൽ പ്രതിഷേധങ്ങളും പ്രകടനങ്ങളും നടന്നു. തൊഴിലാളികൾ തൊഴിൽസ്ഥലങ്ങളിൽ നിന്നും കൂട്ടത്തോടെ ഒഴിഞ്ഞുനിന്നു.രാജ്യത്തെമ്പാടും സമരാഹ്വാനങ്ങൾ ഉണ്ടായി. രാജ്യമൊട്ടാകെ വ്യാപകമായ നശീകരണ പ്രവർത്തനങ്ങളും നടന്നു. ഇന്ത്യൻ അധോലോക സംഘടനകൾ സഖ്യകക്ഷികളുടെ സേനയ്ക്ക് അവശ്യസാധനങ്ങൾ എത്തിക്കുന്ന വാഹന നിരകളിൽ ബോംബ് ആക്രമണങ്ങൾ നടത്തി, സർക്കാർ കെട്ടിടങ്ങൾ അഗ്നിക്കിരയാക്കി, വൈദ്യുതബന്ധം വിച്ഛേദിച്ചു, ഗതാഗത, വാർത്താവിനിമയ സംവിധാനങ്ങൾ തകർത്തു. മുസ്ലീം ലീഗ് ഉൾപ്പെടുന്ന മറ്റ് രാഷ്ട്രീയ ശക്തികളെ ഒരു കുടക്കീഴിൽ ഒറ്റ ശക്തമായ പ്രക്ഷോഭമായി

അണിനിരത്താൻ കോൺഗ്രസിനു കഴിഞ്ഞില്ല. എങ്കിലും ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭത്തിന്റെ മൂർദ്ധന്യത്തിൽ കോൺഗ്രസിനു മുസ്ലീം ജനതയുടെ ഭൂരിഭാഗത്തുനിന്നും സജീവമല്ലാത്ത പിന്തുണ ലഭിച്ചു.

ക്വിറ്റ് ഇന്ത്യാ സമരാഹ്വാനത്തോടുള്ള ബ്രിട്ടീഷ് പ്രതികരണം പെട്ടെന്നായിരുന്നു. രാജ്യമൊട്ടാകെ വൻതോതിൽ അറസ്റ്റുകൾ നടന്നു. ഒരുലക്ഷത്തോളം പേരെ രാജ്യമെമ്പാടും നിന്ന് അറസ്റ്റ് ചെയ്തു, വലിയ പിഴകൾ ചുമത്തി, പ്രകടനക്കാരെ പൊതുസ്ഥലത്ത് ചമ്മട്ടിയ്ക്കടിച്ചു. "ക്വിറ്റ് ഇന്ത്യ" - ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൻറെ ഭാഗമാണ് ഈ മുദ്യാവാക്യം. 1942 ഓഗസ്റ്റ് ഒൻപതിനാണ് ക്വിറ്റ് ഇന്ത്യ പ്രക്ഷോഭങ്ങൾ ആരംഭിച്ചത്.ഇന്ത്യ വിടുകയെന്ന് ബ്രിട്ടീഷ്കാരോട് ആവശ്യപ്പെടുന്നതിനൊപ്പം ഇന്ത്യക്കാരുടെ മനസാക്ഷിയെ ഉണർത്താനും കോൺഗ്രസിനെ നയിച്ച മഹാത്മാ ഗാന്ധി ഉറപ്പിച്ചിരുന്നു.രക്ഷോഭങ്ങൾക്ക് മുന്നിൽ പകച്ച ബ്രിട്ടീഷ് ഭരണകൂടം ജയിലിനുള്ളിലുള്ള നേതാക്കൾക്കു നേരെ തിരിഞ്ഞു. അന്യായമായി ജയിലിൽ തടഞ്ഞുവച്ച നേതാക്കളുടെ മോചനത്തിനായി ഗാന്ധിജി 21 ദിവസം ജയിലിനുള്ളിൽ നിരാഹാരസമരം നടത്തി. 1943 മാർച്ച് മൂന്നിന് ഗാന്ധിജി നിരാഹാരം അവസാനിപ്പിച്ചു. ഗാന്ധിജിയുടെ പുത്തൻ സമരമാർഗത്തിനു മുന്നിൽ ബ്രിട്ടീഷുകാർ തോൽവി വഴങ്ങി.ക്വിറ്റ് ഇന്ത്യ സമര പ്രഖ്യാപനം നടത്തിയത് അത് അഹിംസമാർഗത്തിൽ മുന്നോട്ട് പോകണമെന്ന ആഗ്രഹത്തോടെയായിരുന്നു. സമരങ്ങൾ അക്രമത്തിലേക്ക് നീങ്ങിയത് ഗാന്ധിജിയെ പ്രതിക്കൂട്ടിലാക്കി. എന്നാലും ഇന്ത്യ സ്വതന്ത്രമാകുന്ന നിമിഷം വരെ ദേശസ്നേഹികൾ ബ്രിട്ടീഷുകാർക്കെതിരെ ആ മുദ്രാവാക്യം വിളിച്ചു – ‘ക്വിറ്റ് ഇന്ത്യ’.

# പ്രചോദനം

-ശികിൽ. M



എന്നെ പ്രചോദിപ്പിച്ചത് എപിജെ അബ്ദുൽ കലാമിന്റെ വാക്കുകൾ ആണ്. അദ്ദേഹത്തിന്റെ ആശയങ്ങളും ചിന്തകളും വളരെ മൃദുവും മനസ്സിലാക്കാൻ കഴിയുന്നതുമാണ്. കലാമിന്റെ ചിന്തകൾ" ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം നമ്മുടെ ഉറക്കം നഷ്ടപ്പെടുത്തുന്നതാണ് യഥാർത്ഥ സ്വപ്നം" ലോകത്തിൽ ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യം സ്വന്തം തെറ്റ് മനസ്സിലാക്കുക എന്നതും അത് സമ്മതിക്കുക എന്നതുമാണ്..... വളരെ എളുപ്പമുള്ള കാര്യം മറ്റുള്ളവരുടെ തെറ്റുകൾ കണ്ടെത്തി അത് പറഞ്ഞു നടക്കുക എന്നതുമാണ്. ഓരോ വേദനയും ഓരോ പാഠം നൽകുന്നു. ഓരോ പാഠവും ഓരോ വ്യക്തിയും മാറ്റുന്നു. ഭയപ്പെടാൻ തുടങ്ങിയാൽ ഭയപ്പെടുത്താൻ ആളുകൾ ഉണ്ടാകും പിൻതിരിഞ്ഞ് ഓടാൻ തീരുമാനിച്ചാൽ ജീവിതകാലം മുഴുവൻ ഓടേണ്ടി വരും. തോൽക്കാൻ തയ്യാറായാൽ മരണംവരെ തോൽക്കാൻ മാത്രമേ സമയം കാണൂ. ഏതു സാഹചര്യത്തിലും മുന്നോട്ടു പോകാൻ തയ്യാറായി ഇറങ്ങൂ... എന്നാൽ നിങ്ങൾ അന്തസ്സോടെ ജീവിക്കും വിജയം ആസ്വാദ്യകരം ആകണമെങ്കിൽ പ്രയാസങ്ങൾ ആവശ്യമാണ് എപിജെ അബ്ദുൽകലാമിന്റെ ഇതുപോലുള്ള ചിന്തകളാണ് എന്നെ പ്രചോദിപ്പിച്ചത്.

# മനുഷ്യർ മഴക്കാടുകളുടെ മരണ മണിയോ???...

-അനിരുദ്ധ്. A




ഭൂമിയിലെജൈവവൈവിധ്യ കലവറയാണ് വനങ്ങൾ. കര ഭാഗത്തിന് 31 ശതമാനവും ലോകത്തിന്റെ നിലനിൽപ്പിന് നിർണയിക്കുന്നത് ഈ ജൈവവൈവിധ്യ സമൃദ്ധിയാണ്. ഇതിൽ തന്നെ ഭൂമിയിൽ ജീവ സമൃദ്ധി നിലനിർത്തുന്നതിൽ മഴക്കാടുകളുടെ സംഭാവന ചിന്തിക്കാവുന്നതിലും അപ്പുറമാണ്. ഇന്ത്യ, മലേഷ്യ, ഇന്തോനേഷ്യ, ആഫ്രിക്ക, അമേരിക്ക ഭൂഖണ്ഡം എന്നിവിടങ്ങളിലാണ് മഴക്കാടുകൾ കാണപ്പെടുന്നത്. മൊത്തം ഭൂപ്രദേശത്തിന് ഏഴ് ശതമാനം മാത്രമാണ് മഴക്കാടുകൾ. ഒരു മഴ കാട്ടിൽ ഏറ്റവും കുറഞ്ഞത് 200 സ്പീഷീസിൽ ഉള്ള വൃക്ഷങ്ങൾ ഉണ്ടാവും, അതിനാൽ മഴക്കാട് നശിപ്പിച്ചാൽ പൂർവ്വസ്ഥിതിയിലാക്കാൻ ഏറെ പ്രയാസമാണ്. ചിലപ്പോൾ ഒരിക്കലും കഴിഞ്ഞില്ല എന്നും വരാം ഭൂമിയിൽ സസ്യങ്ങൾ ഉണ്ടായ കാലം മുതൽ തന്നെ മഴക്കാടുകൾ ഉണ്ടാവാൻ തുടങ്ങി എന്നാണ് കരുതപ്പെടുന്നത്. ഇന്നു നാം കാണുന്നതുപോലെ മഴക്കാടുകൾ ഉണ്ടാവുന്നതിന് ലക്ഷക്കണക്കിന് ചിലപ്പോൾ കോടിക്കണക്കിന് വർഷങ്ങൾ എടുത്ത ഇരിക്കാം പക്ഷേ ഇത് നമുക്ക് നശിപ്പിക്കാൻ ഒരു ദിവസം തികച്ചും ആവശ്യമില്ല അത്രയും

വേഗത്തിൽ ആണ് ഇന്ന് മഴക്കാടുകൾ മനുഷ്യനെ നശിപ്പിച്ചു കൊണ്ടിരിക്കുന്നത് നശിപ്പിക്കാൻ എളുപ്പമാണ് പക്ഷേ നിർമ്മിക്കാനാണ് പാട് എല്ലാവർക്കും 13 മില്യൻ ഹെക്ടറോളം വനനശീകരണം ഉണ്ടെന്നാണ് യുഎൻ  പുറത്തുവിട്ട കണക്കിൽ വ്യക്തമാക്കുന്നത് നിർമ്മാണ പ്രവർത്തനങ്ങളുടെ പേരിലുള്ള വനനശീകരണവും കാട്ടുതീ മലിനീകരണം വനസമ്പത്ത് ഗണ്യമായി ബാധിക്കുന്നു. ലോകത്തിൽ തന്നെ ഏറ്റവും കൂടുതൽ വനമേഖല ഉള്ള രാഷ്ട്രങ്ങൾ ഒന്നാണ് ഇന്ത്യ ഇന്ത്യയിൽ തന്നെ നമ്മുടെ പശ്ചിമഘട്ടം ഏറെ പ്രാധാന്യമുള്ള മേഖലയാണ്. എന്നാൽ കഴിഞ്ഞവർഷം കേരളത്തിൽ മാത്രം 1717 ആക്ടർ കാർഡ് എന്നാണ് ഔദ്യോഗിക കണക്കുകൾ ഇത് കേരളമെന്ന വളരെ കൊച്ചു ഭാഗത്തെ മാത്രം കാര്യമാണ് ഇതുപോലെ എത്രയെത്ര കേരള ചേർന്നാണ് ലോക അപ്പോൾ അതിന്റെ ആഴം മനസ്സിലാക്കേണ്ടിയിരിക്കുന്നു.
: ഇനിയെങ്കിലും നാം പ്രകൃതിയെ ചൂഷണം ചെയ്യുന്നത് നിർത്തിയില്ലെങ്കിൽ അതിന്റെ ഫലം നാം ഓരോരുത്തരും അനുഭവിക്കേണ്ടിവരും എന്ന് നാം ഓർക്കാതെ പോകരുത്. വനനശീകരണം നിയമം പ്രതി നിരോധിച്ച ആദ്യ രാജ്യം ആയ നോർവേ കണ്ടു നാം പഠിക്കേണ്ടതുണ്ട്. വനം നശിപ്പിച്ചു ഉള്ള ഉത്പന്നങ്ങൾ ഒന്നും ഇനി വേണ്ടെന്നാണ് നോർവേ കാരുടെ ഭക്ഷണം ഇത്തരത്തിലുള്ള ഒരു തീരുമാനം എന്തുകൊണ്ടാണ് നമ്മുടെ എടുത്തുകൂടാ ലോകരാഷ്ട്രങ്ങൾ മുഴുവൻ മാതൃകയാക്കാവുന്ന സമീപനമാണിത് ഇങ്ങനെ നാമോരോരുത്തരും വിചാരിച്ചാൽ നമുക്ക് നമ്മുടെ ഭൂമിയെ തിരിച്ചുപിടിക്കാം എന്നുമാത്രം ഓർമിപ്പിക്കുന്നു.

# ലഹരി


എന്താണ് ലഹരി?... ലഹരികൾ ഉപേക്ഷിക്കൂ എന്ന്  എല്ലാവരും പറയാറുണ്ട് എങ്കിലും എന്താണ് ലഹരി എന്ന് പലർക്കും അറിയില്ല.എന്റെ അഭിപ്രായത്തിൽ നമ്മെ അടിമപ്പെടുത്തുന്നതെന്തും ലഹരിയാണ് അത് പ്രണയമാകാം,ചില മിഠായികളാകാം ,മറ്റ് മയക്കുമരുന്നുകളാകാം. കൗമാരത്തിലോ,യുവത്വത്തിലോ ഒരു തമാശയ്ക്ക് വേണ്ടിയോ മറ്റോ തുടങ്ങുന്ന ലഹരി പിന്നീട് നമ്മെ അടിമകളാക്കുന്നു. ഇന്ന് പലതരത്തിൽ പലരൂപത്തിൽ മയക്ക്




മരുന്നുകൾ ഇന്ന് ലഭ്യമാണ്.കഞ്ചാവ്,കറുപ്പ്,മദ്യം,...തുടങ്ങി ഏറെ... അവയിൽ പലതും നമ്മുടെ ആരോഗ്യത്തിന് ഹാനികരവുമാണ്ലഹരിക്കടിമപ്പെട്ടവർ ഒന്നാലോചിക്കുക എന്താണ് അതിലൂടെ ലഭിക്കുന്നത് ?... പകരം നമ്മുടെ ജീവിതം,കുടുംബം,സമ്പത്ത്,ആരോഗ്യം തുടങ്ങിയവയെല്ലാം അത് കൊണ്ട് പോകും  .

# കരൾ

*-ശിഖ*



ഒന്ന് ശ്വാസം പിടിച്ചേ.... ആ ഇനി വിട്ടോ ഇനി നെഞ്ജത്തോടെ ഒന്ന് വിരലോടിച്ചു നോക്കു ആ എല്ലിൻ കൂടാണ് നമ്മുടെ വാരിയെല്ലുകൾ. ഈ വാരിയെല്ലിനകത്തു ആരൊക്കെയോ കുടിയിരിക്കുന്നെ?
സ്വാശകോശമുണ്ട് ഹൃദയമുണ്ട് ഡ്യഫ്രം ഉണ്ട്. പിന്നെയോ? ഇടതുവശത്തു ആമാശയത്തിന്റെ കുറച്ചു ഭാഗവും ദഹനവ്യൂഹത്തിന്റെ ഭാഗങ്ങളും. വലതു പക്ഷത്തു നമ്മുടെ കരളാണ് കയ്യേറിയിരിക്കുന്നത്. ശരീരത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ അവയവമായ ലിവർ ആളു സൂപ്പർ ആണ് ട്ടോ. വലിയൊരു ഇലയുടെ ആകൃതിയിൽ വിശാലമായി ഇരിക്കുന്ന ലിവറിനു തൊട്ട് പിറകിലായി പിത്താശയവുമുണ്ട്, ഈ യമണ്ടൻ അവയവത്തിനു ഏതാണ്ട് ഇതേ ഭാരം വരുന്ന നമ്മുടെ മറ്റു അവയവങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്താമോ?
ലിവർ എന്തൊക്കെ ചെയ്യുമെന്നറിയുമോ? എന്തൊക്കെ ചെയ്യില്ലെന്ന് ചോദിച്ചാൽ മതി. രക്തത്തിലെ വിഷാംശങ്ങളെ നശിപ്പിക്കുക, ചില മരുന്നുകൾ ശരീരത്തിന് ഉപയോഗിക്കാവുന്ന പരുവമാക്കിയ ശേഷം അതിന്റെ വേസ്റ്റ് കളയാൻ പിത്തരസത്തിന്റെ ഉത്പാദനം, രക്തത്തിലെ പ്രോട്ടീനുകളുടെ നിർമാണം, ഇരുമ്പും വിറ്റാമിൻ ബി പോലുള്ളവയും സ്റ്റോർ ചെയ്യാനും, രക്തം  കട്ടപിടിക്കുന്ന ഘടകങ്ങളുടെ നിർമ്മാണം ടീച്ചർ തന്ന ഹോം വർക്കുപോലെ ഇത് എഴുതീട്ടും  എഴുതീട്ടും തീരുന്നില്ലല്ലോ.ഈ മിടുമിടുക്കൻ അവയവത്തിനു എന്തൊക്കെ രോഗങ്ങൾ  വരാം. ജന്മനാ തന്നെ വരാവുന്ന കരൾ രോഗങ്ങൾ ഉണ്ട്. ഇതു കൂടാതെ വൈറസുകൾ ഉണ്ടാക്കുന്ന മഞ്ഞപിത്തം മദ്യപാനമൂലമുണ്ടാകുന്ന മുതൽ കരളിന്റെ അർബുദം വരെ ഏറെ

കുഴപ്പങ്ങൾ ലിവറിനെ ബാധിക്കാം. ചിലയിനം മരുന്നുകളുടെ അമിതമായ ഉപയോഗവും  കരളിനെ നശിപ്പിക്കും കൂട്ടുകാരൊക്കെ കുഞ്ഞിനെ എടുത്തിട്ടുള്ള വാക്സിനുകളിൽ നിന്ന് ഹെപ്പറ്റൈറ്റിസ് ബി എന്ന ഇനം സാരമായ മഞ്ഞപ്പിത്തത്തിന് പ്രതിരോധം കിട്ടും. അതുവഴി ഹെപ്പറ്റൈറ്റിസ് ബി മൂർച്ചിച്ചുണ്ടാകുന്ന ഉണ്ടാക്കുന്ന തരത്തിലുള്ള അർബുർത്ഥത്തിൽ നിന്ന് രക്ഷപ്പെടാം. വേറെ എന്ത് കാൻസർ ആണ് വാക്സിനുകളിലൂടെ പ്രതിരോധിക്കുക എന്നത് പഠിക്കാൻ ശ്രമിക്കു.യഥാർത്ഥ  അവകാശികൾ

ശ്രീജമോൻ  ചിങ്ങത്തിൽ  വിവാഹിതയാവുമായിരുന്നു. പക്ഷേ, മദ്രാസിൽ വച്ചു വിനോദൻ  വധിക്കപ്പെട്ടു. ശിവ  വിശേഷപ്പെട്ട പേടിയിലാണ്  നാട്ടിലേക്ക്  വന്നത്.  ദേശീയപതാക  പൊതിഞ്ഞ പെട്ടിയുടെ  മുകളിൽ നാല് പുഷ്പങ്ങളുമുണ്ടായിരുന്നു.

ശ്രീജമോളും ക്യാമറയെ  നിസ്സങ്കോജം നേരിട്ടു. വിനോദന്റെ  അമ്മ "തുമ്പി      ഉറങ്ങുന്നതുപോലെ " തലയിട്ടടിക്കുന്നത് അവൾ  കണ്ടു. സന്ധ്യക്ക്  ടിവിയിൽ അവരും താനും പ്രതീക്ഷപ്പെടുമെന്ന് ശ്രീജ ഒരു മരവിപ്പോടെ ഓർത്തു.

വീട്ടിലെത്തിയ നിമിഷംമുതൽ അവളുടെ മാതാപിതാക്കൾ അന്യോന്യം കലഹിച്ചു. സർക്കാർ വിനോദന്റെ ആത്മബലിക്ക് പ്രതിഫലമായി തരുന്ന അഞ്ചുലക്ഷത്തിന്റെ യഥാർത്ഥ അവകാശി ശ്രീജയാണെന്ന് അമ്മ പറഞ്ഞു. കല്യാണം കഴിഞ്ഞിട്ടില്ല അച്ഛൻ പറഞ്ഞു "ആ തള്ളക്ക് കിട്ടും അഞ്ചുലക്ഷം".

"കിട്ടിയാ കിട്ടട്ടെ പെറ്റതള്ളയല്ലേ? നിങ്ങക്കെന്തിനാ കണ്ണുകടി ". അച്ഛൻ തൊടിയിൽപോയി  മൂത്രമൊഴിച് മടങ്ങിവന്നു. "ഈ പെണ്ണിന്റെ കണ്ണിൽ ഒരൊറ്റത്തുള്ളി കണ്ണീരില്യ"-അച്ഛൻ അമർഷത്തോടെ പറഞ്ഞു."അവൾക്ക് ദുഃഖ ല്യാങ്കിൽ നമ്മൾ എന്തിനാ ദുഃഖിക്കുന്നേ? ആളുകളെ ബോധിപ്പിക്കണ്ട ആവശ്യല്ല"അമ്മ പ്രസ്താവിച്ചു. "ഇക്ക് ഒരു കാര്യത്തിൽ സന്തോഷണ്ട്. സ്ത്രീധനം കൊടുക്കാൻ ബ്ലേഡ് കമ്പനീൽ പോണ്ടി വന്നില്യ "അച്ഛൻ പറഞ്ഞു. ബ്ലേഡ് കമ്പനിയിൽ നിന്ന് കടമെടുത്ത് തനിക്ക് പതിനഞ്ചു പവന്റെ സ്വർണ്ണാഭരണങ്ങൾ വാങ്ങുവാൻ അച്ഛൻ തീരുമാനിച്ചിരുന്നു. ശ്രീജ ഓർത്തു. ബീമയിൽ പോയി ചെയിനും ആറ് വളകളും ജിമിക്കിയും  തിരഞ്ഞെടുക്കാമെന്നു താൻ കരുതി. അതോർത്തപ്പോൾ പെട്ടന്നു ശ്രീജ വാവിട്ടു കരഞ്ഞു.

# <u>മലർവാടി ആർട്സ് ക്ലബ്</u>

*-അക്ഷയ് കൃഷ്ണ*




മലയാളത്തിലെ പ്രശസ്ത സിനിമാതാരമായ വിനീത് ശ്രീനിവാസന്റെ രചനയിലും സംവിധാനത്തിലും 2010-ൽ നിർമ്മിക്കപ്പെട്ട ചലച്ചിത്രമാണ് മലർവാടി ആർട്സ് ക്ലബ്. ചിത്രത്തിന്റെ നിർമ്മാണം നടൻ ദിലീപ് ആണ്.

ഉത്തരമലബാറിലെ മനശ്ശേരി ഗ്രാമത്തിലെ മലർവാടി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബിലെ അംഗങ്ങളായ അഞ്ചു സുഹൃത്തുക്കളുടെ സുഹൃദ്ബന്ധത്തിന്റെ കഥയാണ് ഈ ചിത്രം പറയുന്നത്. ഇതിലെ സുഹൃത്തുക്കളായ അഞ്ചു പേരെ പുതുമുഖങ്ങളാണ് അവതരിപ്പിക്കുന്നത്. രണ്ടു നായികാ കഥാപാത്രങ്ങളും പുതുമുഖങ്ങളാണ്. ഇവരെക്കൂടാതെ ജഗതി ശ്രീകുമാർ, സലീം കുമാർ, നെടുമുടി വേണു, സുരാജ് വെഞ്ഞാറമൂട് എന്നിവരും ഈ ചിത്രത്തിൽ അഭിനയിക്കുന്നു[1].

പ്രകാശ്, പ്രവീൺ, കുട്ടു, പുരുഷു, സന്തോഷ് എന്നീ യുവാക്കളുടെ കഥയാണ് ചിത്രം പറയുന്നത്. മലർവാടി പിള്ളേർ എന്നാണ് ഇവരെ അറിയപ്പെടുന്നത്

ഷാൻ റഹ്മാൻ സംഗീതം നൽകിയിരിക്കുന്ന ഈ ചിത്രത്തിലെ

ഗാനങ്ങൾ രചിച്ചിരിക്കുന്നത് വിനീത് ശ്രീനിവാസൻ ആണ്.

**സംവിധാനം**

വിനീത് ശ്രീനിവാസൻ

**നിർമ്മാണം**

ദിലീപ്

**കഥ**

വിനീത് ശ്രീനിവാസൻ

**തിരക്കഥ**

വിനീത് ശ്രീനിവാസൻ

**അഭിനേതാക്കൾ**

നിവിൻ പോളി,

അജു വർഗ്ഗീസ്,

ഹരികൃഷ്ണൻ,

ഭഗത് മാനുവൽ,

ശ്രാവൺ

**സംഗീതം**

ഷാൻ റഹ്മാൻ

**ഗാനരചന**

വിനീത് ശ്രീനിവാസൻ

**ഛായാഗ്രഹണം**

പി സുകുമാർ

**ചിത്രസംയോജനം**

രഞ്ജൻ എബ്രഹാം

# ആഴ്ച്ചപ്പാട്ട്

ASEEL 9F & AJEEB 9J

.



ഞായർ നല്ലോരു കാർ വാങ്ങി..
തിങ്കൾ അതിന്റെ ഡ്റൈവറായി..
ചൊവ്വീം ബുധനും മുന്നിൽ കേറി..
വ്യാഴോം വെള്ളീം ബേക്കിൽ കേറി..
ശനി ഡിക്കീലും ചാടിക്കേറി..
എല്ലാരും ഊട്ടീക്ക് ട്ടൂറ് പോയി.

# യാത്രാവിവരണം

*- അനാമിക*




ഇതുവരെ യാത്രചെയ്തത് വെച്ച് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട രസിപ്പിച്ച എൻറെ മനസ്സിനെ സ്പർശിച്ച ഒരു യാത്ര വയനാട്ടിലേക്കാണ് വയനാട്ടിലേക്ക് യാത്ര തിരിക്കുമ്പോൾ മനസ്സിന് വലിയ ആകാംക്ഷ ഒന്നുമുണ്ടായിരുന്നില്ല കാറിലായിരുന്ന യാത്ര കാറിൽ ഇത്രയും സമയം എങ്ങനെ ഇരിക്കും എന്ന് വിചാരിച്ച വ്യാകുലത ഉണ്ടായിരുന്നുവെങ്കിലും പുറത്തെ വിസ്മയകരമായ കാഴ്ചകളിൽ കൗതുകമുണർത്തുന്ന ആയിരുന്നു വയനാട് എന്ന് കേൾക്കുമ്പോൾ മനസ്സിലേക്ക് ഓടിയെത്തുന്നത് ചുരത്തിന് ചിത്രമാണ് വളഞ്ഞു തിരിഞ്ഞു ശ്രദ്ധിച്ച പോകുന്നത് ഇടയ്ക്ക് മരത്തിലെ കൊമ്പിൽ നിന്ന് നോക്കിയിരിക്കുന്ന കുരങ്ങന്മാരെ കാണാം വണ്ടി നിർത്തി ഭക്ഷണം എടുക്കുമ്പോഴേക്കും അവർ എത്തും യാത്രയിലുടനീളം കാഴ്ചകൾ കണ്ടു ഇരിക്കുമ്പോഴും പോകുന്ന സ്ഥലത്തെ കുറിച്ചുള്ള ചിന്തയായിരുന്ന മനസ്സുനിറയെ ഡ്രൈവർക്ക് വഴി ചെറുതായി ഒന്ന് തെറ്റ് പക്ഷേ ആളുകളോട് ചോദിച്ച പുതുതലമുറയുടെ സാങ്കേതികവിദ്യ ഉപയോഗിച്ച് ഉദ്ദേശിച്ച സ്ഥലത്ത് എത്തിച്ചേർന്നു. വയനാട് കോറം ഈ ത്രീ തീം പാർക്ക് ഒരുപാട് എന്ന് കേൾക്കുമ്പോൾ കുറെ ഗൈഡുകളും ഹൊറർ തീയേറ്റേഴ്സ് മാത്രമായിരിക്കും എന്നാണ് ഞാൻ കരുതിയത് യാത്രയുടെ കാരണം വല്ലാത്തൊരു ക്ഷീണം

ഉണ്ടായിരുന്നു എങ്കിലും മനസ്സുനിറയെ ആകാംക്ഷയായിരുന്നു കേറും പഴേ നമ്മെ സ്വീകരിക്കാൻ ഒരു ഡോളർ വരും സൂര്യപ്രകാശം കണ്ണിലേക്ക് അടിച്ചത് കൊണ്ട് എത്ര നോക്കിയിട്ടും മനസ്സിലാകുന്നില്ല എന്താ ഉയരം നല്ല ബാലൻസിംഗ് വേണം കണ്ടതിലും കൂടെ നിന്ന് ഫോട്ടോ എടുത്തതിനു സന്തോഷമായി എൻട്രി ടിക്കറ്റിനുള്ള പൈസ കൊടുത്ത് ഞങ്ങൾ കയറി എൻറെ കൂടെ അച്ഛനും അമ്മയും അനിയനും അച്ഛൻറെ അച്ഛനും ഉണ്ടായിരുന്നു

അടുത്തതായി ജോൺ ഇല്ലായിരുന്നു അനിയൻ വളരെ സന്തോഷമായി പ്രായപരിധി ഉണ്ടായിരുന്നുവെങ്കിലും കൂടെ ഞാനും കയറി ആ കുട്ടിത്തം ഒക്കെ ഒന്നുകൂടി ആസ്വദിച്ചു ഫാമിലി ഗെയിംസും ഉണ്ടായിരുന്നു പിന്നീട് ഞങ്ങൾ ചെറിയൊരു മൃഗശാലയിൽ പോയി പിന്നീട് പക്ഷേ സംഗീതത്തിലേക്ക് പക്ഷികളുടെ കൂടെ നമുക്ക് ഫോട്ടോയും എടുക്കാം ചുറ്റും വലം വെച്ച് കിട്ടിയിരിക്കുകയാണ് അഥവാ പക്ഷികൾ പറന്നു പോയാലോ എന്ന് വിചാരിച്ചിട്ട് ആയിരിക്കും.


നമുക്ക് പ്രദർശനവസ്തുവായിട്ടിരിക്കുന്ന സ്വന്താദ്ര്യം നിഷേധിക്കപ്പെട്ട ആ പക്ഷികൾ. കുറച്ചു നേരം വിശ്രമിക്കാൻ വിചാരിച്ചപ്പോൾ തന്നെ അടുത്തത് ഹൊററർ ട്ടണലിൽ കയറി. പേടിയില്ല പറഞ്ഞ ഞാൻ കണ്ണടച്ചാണ് അതിൽ കയറിയത്. അച്ഛനും അമ്മയും അനിയനും നന്നയി ആസ്വദിച്ചു. ട്രൈബൽ പ്ലേസ് അതിനടുത്തായിരുന്നു., പണ്ടത്തെ കാലത്ത് അവർ ഉപയോഗിച്ചിരുന്ന സാധനങ്ങൾ എല്ലാംപ്രദർശിപ്പിക്കും, കൂടാതെ ട്രൈബൽ ഫുഡും കഴിക്കാം. എനിക്കേറ്റവും ഇഷ്ടപെട്ടത് മോസ്സസ് ആൻഡ് ഫെറൻസ് എന്ന സ്ഥലമായിരുന്നു അവിടെ കയറിയപ്പോൾ തന്നെ ഒരു മഴയുടെ എഫക്ട് ആയിരുന്നു വഴക്ക് ലും ഉണ്ടായിരുന്നു കൂടെ മീനുകളും തവളകളും ചെറിയ ചെറിയ കുളങ്ങളും എല്ലാം നല്ലൊരു അനുഭവമായിരുന്നു സമയം നാലര ആയി  അടുത്ത ഒരു പ്രധാന തീയേറ്റർ ഷോ ആയിരുന്നു മെട്രോ ഇന്ത്യയിലെ പഴയ സിനിമയിൽ നിന്ന് പുതിയ സിനിമയിലേക്ക് വ്യതിചലനം ഡാൻസും ഉണ്ടായിരുന്നു.  ഈ തിയറ്റർ ഷോയ്ക്ക് ശേഷം അടുത്തതായി  വലിയൊരു മൈതാനത്ത് വെച്ചായിരുന്നു അടുത്ത ഷോ നല്ല ട്രെയിൻഡ് ആയ ആളുകൾ ആയിരുന്നു വായയിലൂടെ കത്തി കയറ്റുന്നതും റിങ്ങ് വെച്ച് ഡാൻസ് കളിക്കുന്നത് എല്ലാം അതിൻറെ ആകർഷണങ്ങളിലൊന്ന് ആയിരുന്നു കൃത്യം അഞ്ചു മണി

ആവുമ്പോഴേക്കും തന്നെ അവിടെ ഒത്തുചേർന്ന് എല്ലാ ആളുകളെയും കുട്ടി ഡ്രാഗൺ എന്ന രൂപം നമ്മെ യാത്ര അയക്കാൻ വരും... ആ സ്ഥലത്തോട് അത്രയും ഇണങ്ങിച്ചേർന്ന അതുകൊണ്ടുതന്നെ അവിടെ നിന്ന് പെട്ടെന്ന് പോരാൻ മനസ്സിന് സാധിച്ചില്ല ആയിരുന്ന എനിക്ക് നല്ലൊരു അനുഭവമായിരുന്ന ഇത്... ഒരു ശുഭയാത്ര

അനിയൻ ആദ്യമേ ഓടിക്കണം ആയിരുന്ന കുറച്ച് മുതിർന്ന കുട്ടി ആയതുകൊണ്ട് ഞാനും വെറുതെ നിന്നില്ല ഞാനും അവരോടൊപ്പം ഓടി പെട്ടെന്ന് തന്നെ ഒരു അനൗൺസ്മെൻറ് പെട്ടെന്ന് കുറേ ചേട്ടന്മാരും ചേച്ചിമാരും പാട്ടിനൊത്ത് ചുവടു വയ്ക്കാൻ തുടങ്ങി അത് കാണുമ്പോൾ നമ്മളും അവരോടൊപ്പം കൂടും ശേഷം അകത്തേക്കുള്ള പ്രവേശനത്തിനു സമയമായി പിന്നെ നമ്മുടെ അവസരമാണ് മരങ്ങളുടെയും ശുദ്ധവായുവിനും അനുഭവം പറഞ്ഞ് അറിയിക്കുന്നതിനും അപ്പുറമായിരുന്ന ആദ്യം തന്നെ പോയത് ഡിനോസർ പാർക്കിലേക്ക് ആയിരുന്ന ഒരു കാട് പോലത്തെ ഫീലിംഗ് ഒരുപാട് ഡൈനോസർ ഞങ്ങളെക്കുറിച്ച് നോക്കിക്കൊണ്ടിരുന്ന അടുത്തേക്ക് പോയാൽ അതിൽ നിന്ന് ശബ്ദമുണ്ടാക്കുകയും അത് ചലിക്കുകയും ഒരുവിധം ധൈര്യം ഇല്ലാത്തവർ ആ ഭാഗത്തേക്ക് പോകാറില്ല ശരിക്കും ഒറിജിനൽ ആണെന്ന് തോന്നി പോകും തൊട്ടപ്പുറത്ത് തന്നെ ഡൈനോസർ യൂസ് ചെയ്യുന്നുണ്ട് എല്ലാവിധ വിശദാംശങ്ങൾ ചിത്രത്തിന് താഴെ കൊടുത്തിട്ടുണ്ട് പിന്നീട് അവിടെ മനസ്സില്ലാമനസ്സോടെ അടുത്ത സ്ഥലത്തേക്ക് പോയി അഡ്വഞ്ചർ സോഡാക്കുമേലെ എടുക്കുമ്പോഴും അത് കമ്പ്ലീറ്റ് സാധിച്ചാൽ മനസ്സിനൊരു സുഖം കിട്ടും എനിക്ക് അത് നല്ലൊരു അനുഭവമായിരുന്ന എൻറെ അനിയനും നന്നായി ചെയ്തു ഓരോ എൻട്രിയും വ്യത്യസ്തമായ പേരായിരുന്ന കുറച്ചു വിശ്രമത്തിന് ശേഷം ഞങ്ങൾ പോയത് പെടൽ ബോട്ടിലായിരുന്ന ഹൊറർ ടണലിന് സൈഡിലൂടെ ഞങ്ങൾ പോയി ഞങ്ങളുടെ ബോട്ട് വരുന്നത് നോക്കി അവിടുത്തെ ഒരുകൂട്ടർ പോകാൻ വേണ്ടി ലൈഫ് ജാക്കറ്റ് റെഡിയായിട്ടുണ്ട് ശേഷം ഞങ്ങൾ ഫുഡ് കഴിക്കാൻ പോയി പല വിഭവങ്ങൾ ഏതായാലും ആഹാരം അടിപൊളിയായിരുന്ന സമയം രണ്ട് കാലിൽ അടുത്തു ഇനിയും ഒരുപാട് കാണാനുണ്ട്

# ഗ്രാമ ഭംഗി

-അമൽ കൃഷ്ണ



# കൈവിട്ടുപോയി

*-വിസ്മയ കെ പി*



പിടയുന്ന ജീവനെ തഴുകിയെൻ മിഴികൾ

അറിയാതെ ഒഴുകുന്ന പുഴപോലെയായി....

കൺമുമ്പിൽ നിന്നും കൈവിട്ടുപോയ

എൻ ഉൾനാമ്പുനോക്കി ഞാൻ ഏകാന്തയായി

ചുഴിയിലൂടെ അഴിയിലേക്കോഴുന്നോരെൻ

പാതിയെ നോക്കി ഞാനാ പുഴവക്കിലിരുന്ന്

ആർത്തിരമ്പി......

# <u>എഡിറ്റോറിയൽ ബോർഡ്.</u>

*1.ഫഹ്മി നജാത്ത് - 9I*

*2.ലിയ - 9I*

*3.ഫാത്തിമ ഷഫ - 9M*

4.അസ്ജൽ അക്രം - 9C

5.മുഹമ്മദ് ഫയാദ് - 9M

6.ജിൻഷാദലി - 9M

7.അസീൽ - 9F

8.അജീബ് - 9J

# നന്ദി

## THE END